**FRIDAY SERMON വെള്ളിയാഴ്ച ഖുത്തുബ**
**Hazrat Khalifathullah Munir Ahmad Azim (A)**
**15 September 2017 / 23 Dhul Hijjah 1438 Hijira)**

## SURA - AN-NASR (CH 110) / സൂറ:അന്നസ്ർ അധ്യായം 110

1. പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ
2. അല്ലാഹുവിന്റെ സഹായവും വിജയവും വരുകയും
3. ജനങ്ങൾ അല്ലാഹുവിന്റെ മതത്തിൽ കൂട്ടം കൂട്ടമായി പ്രവേശിക്കുന്നതു നീ കാണുകയും ചെയ്താൽ
4. നീ നിന്റെ നാഥനെ സ്തുതിക്കുന്നതിനോടൊപ്പം അവനെ പ്രകീർത്തിക്കുകയും അവനോട് പാപമോചനത്തിനായി അർത്ഥിക്കുകയും ചെയ്യുക. അവൻ (തന്റെ ദാസന്മാരുടെ) പാപമോചന അർത്ഥന സ്വീകരിക്കുവാൻ സദാ തയ്യാറുള്ളവനാകുന്നു.

പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) ന് അവസാനമായി ലഭിച്ച വെളിപാടുകളാണിവ. അദ്ദേഹത്തിന്റെ വഫാത്തിന് ഏതാനും മാസങ്ങൾക്കു മുമ്പാണ് ഇത് അവതരിപ്പിക്കപ്പെട്ടത്. ഈ ഖുർആനിക വെളിപാട് അധ്യായം തന്റെ അവസാന ഹജ്ജ് പൂർത്തികരണത്തിനായി മക്കയിലായിരുന്നുപ്പോഴൊ, അഥവാ മടങ്ങി മദീനയിലെത്തിയപ്പോഴൊ ആകുന്നു. (ഇത് ലഭ്യമായത്) ഒരു ഉത്തരവാദിത്വത്തിന്റെ അന്ത്യവും പരമവുമായ പൂർത്തികരണത്തിലാണ് അതിന്റെ വിജയഫലമുണ്ടാകുന്നത്. അല്ലാഹുവിനോടുള്ള ഉത്തരവാദിത്വപൂർത്തീകരണത്തിന്റെ ഫലം കൂടിയാണിത്. ഇത്തരം വിജയങ്ങൾക്ക് നാം വളരെ ഗൗരവപൂർവ്വം നമ്മുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റണ്ടതുണ്ട്. എല്ലാ വിജയങ്ങളും സാധ്യമാകുന്നത്, അല്ലാഹുവിന്റെ അപാരമായി സഹായത്താൽ മാത്രമാണ്.

എപ്പോഴും നേർപാതയിലായിരിക്കുകയും നല്ല പ്രവർത്തികൾ ചെയ്തു കൊണ്ടിരിക്കുകയും ചെയ്യുന്നവർക്ക് അല്ലാഹുവിന്റെ സഹായവും വിജയവും എപ്പോഴും വളരെ സമീപത്തിലായിരിക്കും. അല്ലാഹുവിനോടും അവന്റെ ദൂത നോടും ആത്മാവ് ചേർന്നു നില്ക്കുമ്പോഴെല്ലാം, മററു വിശ്വാസികളോടും ചേർന്നു നില്ക്കുമ്പോഴും, എന്തു തന്നെ വന്നാലും അവർ ഒരുമിച്ച് അസത്യത്തി നെതിരിലും അവിശ്വാസികൾക്കെതിരിലും പോരാടുന്നു. അവരുടെ സർവ്വശ ക്തിയും സംഭരിച്ച് പോരാടുന്നു. അവർ വിശ്വാസത്തിന്റെ പതാക വിനയപൂർവ്വം വഹിക്കുന്നു. അവർ അങ്ങനെ ഉറപ്പായും വിജയപാതയിലേക്ക് കുതിക്കുന്നു. അത്തരം വിജയങ്ങൾ അല്ലാഹുവിൽ നിന്നു തന്നെയാണ് ഉണ്ടാകുന്നത്. നാം അല്ലാഹുവിനോടു മാത്രമാണ് സഹായം ചോദിക്കേണ്ടത്. തീർച്ചയായും അവൻ തന്നെയാണ് എല്ലാ സാഹചര്യങ്ങളിലും നമ്മുടെ രക്ഷയ്ക്കായി വരുന്നത്. നാം അവനിലേക്ക് നിഷ്ക്കളങ്കമായി തിരിയേണ്ടതാണ്. എല്ലാ സാഹചര്യങ്ങളിലും നമ്മുടെ രക്ഷയ്ക്കായി വരുന്നത് അവൻ മാത്രമാണ്. അപ്പോൾ അവൻ നമ്മി ലേക്ക് തിരിയുന്നതാണ്. അനുകമ്പയോടെ, കാരുണ്യത്തോടെ !

ഈ സൂറത്തിലൂടെ, അല്ലാഹു (ത) നമുക്ക് നല്കുന്ന ഒരു സൂചന, നാം അവന്റെ ഏകത്വത്തിൽ ആത്മാർത്ഥത പുലർത്തുന്നവരായിരിക്കണം എന്നാണ്. നേട്ടം എത്തിപ്പിടിച്ചതിനു ശേഷവും, നാം ആത്മാർത്ഥമായി നിലകൊള്ളണം. എന്തുതന്നെ ആയാലും അവൻ മാത്രമാണ് സമ്പൂർണ്ണ ഉടമസ്ഥൻ, എല്ലാം അവന്റെ ഇച്ഛയെ ആശ്രയിച്ച് നിലകൊള്ളുന്നതാണ്. അല്ലാഹുവിന്റെ സഹായ മില്ലാതെ നമുക്ക് ഒരിക്കലും ഒന്നും നേടുവാൻ സാധിക്കുകയില്ല. അതുകൊണ്ട്, നമ്മുടെ നിത്യജീവിതത്തിൽ അവൻ നമ്മെ സഹായിക്കുമ്പോൾ, അത് നമ്മുടെ പ്രയാസങ്ങളുടെ സമയങ്ങളിലാകട്ടെ, അല്ലെങ്കിൽ പരീക്ഷണങ്ങളുടെ സമയ ത്താകട്ടെ, അതു സന്തോഷാവസരങ്ങളിൽ പോലുമാകാം, നാം എപ്പോഴും നമ്മുടെ വിനീത വിധേയത്വം അല്ലാഹുവിനോട് എല്ലായ്പ്പോഴും കാട്ടേണ്ടതാണ്. നമ്മുടെ എല്ലാവിധ പാപത്തിന്റെയും മാപ്പിനായി നാം അവനോട് പ്രാർത്ഥിക്കേണ്ടതാ ണ്. എപ്പോഴൊക്കെ നാം വിജയശ്രീലാളിതരാകുന്നുവോ അപ്പോഴൊക്കെ, അത്

ഭൗതിക ജീവിതത്തിലാകട്ടെ അല്ലെങ്കിൽ ആത്മീയ ജീവിതത്തിലാകട്ടെ നാം എപ്പോഴും അല്ലാഹുവിനെ ഓർക്കേണ്ടതാണ്. അതു നമ്മുടെ സന്തോഷവസരങ്ങളിലായും ശരി സന്താപാവസരങ്ങളിലായാലും ശരി ! എല്ലാ സമയത്തും അൽഹംദുലില്ലാഹ് എന്ന് പറയുന്ന സംസ്ക്കാരം നാം വളർത്തി എടുക്കേണ്ടതാണ്. കാരണം അവൻ നമുക്ക് എപ്പോഴും അനുഗ്രഹങ്ങൾ ചൊരിയുന്നു. സഹായം നല്കുന്നു, ഇനി എപ്പോഴെങ്കിൽ നമ്മെ ദൗർഭാഗ്യം സ്പർശിച്ചാൽ നാം ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ എന്ന് പറയേണ്ടതാണ്. (നാം എല്ലാവരും അല്ലാഹുവിന് ഉള്ളവരാണ്. നാം ഒരിക്കൽ അല്ലാഹുവിലേക്ക് മടങ്ങിപോകുന്നവരാകുന്നു)

ഞാൻ നിങ്ങളുടെ മുൻപാകെ മുൻപ് പാരായണം ചെയ്ത അന്നസ്ർ എന്ന അധ്യായം മുഹമ്മദ് (സ) യ്ക്ക് അല്ലാഹു (ത) വെളിപ്പെടുത്തിക്കൊടുത്തതാകുന്നു.

## വചനം 2,3 :

അല്ലാഹുവിന്റെ സഹായവും വിജയവും വരുകയും, ജനങ്ങൾ അല്ലാഹുവിന്റെ മതത്തിൽ കൂട്ടം കൂട്ടമായി പ്രവേശിക്കുന്നതു നീ കാണുകയും ചെയ്താൽ

സത്യനിഷേധികളുടെ പീഡനം മൂലവും അവർ അദ്ദേഹത്തെ വധിക്കുവാൻ പദ്ധതി തയ്യാറാക്കുകയും ചെയ്ത കാരണത്താൽ മുഹമ്മദ് (സ) യ്ക്ക് മക്കയിൽ നിന്നും അഭയാർത്ഥിയായി മദീനയിലേക്ക് പലായനം ചെയ്യേണ്ടി വന്നു. മദീനയിലെ, എല്ലാ സത്യാത്മക്കളും ബുദ്ധിമാൻമാരും അദ്ദേഹത്തോടൊപ്പം ചേർന്നു. അല്ലാഹു (ത) അവരുടെ വിശ്വാസത്തെയും സംരംഭങ്ങളേയും ശക്തിപ്പെടുത്തി, മക്കക്കാർക്കെതിരിൽ പോരാടുന്നതിൽ അവർ വിജയിച്ചു. മക്കക്കാർ എല്ലാവരും അദ്ദേഹത്തെ തകർക്കുവാൻ ഒരുമിച്ചു കൂടുകയുണ്ടായി. എന്നാൽ ഒടുവിൽ അല്ലാഹു (ത) മക്കയിൽ മഹത്തായ ഒരു വിജയം അദ്ദേഹത്തിന് നല്കുകയുണ്ടായി. അതിനു ശേഷം മക്കയിലുള്ളവർ കുറെശെയായി ഇസ്ലാമിനെ ആശ്ലേഷിക്കുവാൻ തയ്യാറായി. ഒടുവിൽ അറേബ്യ മുഴുവൻ ഇസ്ലാം മതം സ്വീകരിച്ചു. മക്കാവിജയം വർഷങ്ങളുടെ നീണ്ടു നിന്ന ക്ഷമയുടെ അന്തിമഫലമായി

രുന്നു. പ്രവാകത്വ പദവി നല്കി അല്ലാഹു ബഹുമാനിച്ചതുമുതലുള്ള പ്രവർത്തന ങ്ങളുടെ അന്തിമ വിജയമായിരുന്നു മക്കാ വിജയം. അല്ലാഹു (ത) അവന്റെ പ്രവാച കൻ (സ) യോടു ചെയ്ത വാഗ്ദാനം പാലിച്ചു. മക്കാ വിജയത്തെ തുടർന്ന് അറേ ബ്യയിലെ ഗ്രോത്രങ്ങൾ മുഴുവൻ ദൈവത്തിന്റെ ഏകത്വത്തിന് കീഴടങ്ങി. ഇസ്ലാ മിന്റെ സന്ദേശത്തിന് വശംവദരരായി, തുടർന്ന് ലോകത്തിന്റെ നാലുഭാഗത്തേക്കും പ്രസ്തുത സന്ദേശം വ്യാപിക്കുകയുണ്ടായി.

ഈ വചനങ്ങളിൽ നിന്നും നാം ഉൾക്കൊള്ളേണ്ട പാഠം വിജയസമയത്ത് ഒരു മനുഷ്യൻ പൊങ്ങച്ചം കൊള്ളാൻ പാടില്ല. മറിച്ച് അപ്പോൾ അദ്ദേഹം കൂടുതൽ വിനയാന്വിതനാകണം, മാനവസമൂഹത്തിന് മൊത്തത്തിൽ അദ്ദേഹം തന്റെ സേവ നങ്ങൾ വാഗ്ദാനം ചെയ്യണം. കാരണം ഒരു യഥാർത്ഥ മുസ്ലിമിന്റെ ലക്ഷ്യം ദൈവത്തിന്റെയും ദൂതന്റെയും എല്ലാ കല്പനകളും അനുസരിക്കുക എന്നതാണ്. അല്ലാഹുവിനെ പ്രീതിപ്പെടുത്തുവാൻ പരമാവധി ശ്രമിക്കുക. അത് ജനങ്ങളെ സേവി ക്കുന്നതിലൂടെയാണ് ആർജ്ജിക്കേണ്ടത്. അവനത് ചെയ്യുമ്പോൾ അവന്റെ തന്നെ ആത്മാവിന്റെ നന്മയ്ക്കു വേണ്ടിയാണ് ചെയ്യുന്നത്. കാരണം ഓരോ മനുഷ്യനും ദൈവത്തിന്റെ സത്തയിൽ നിന്നുള്ളതാകുന്നു.

## വചനം 4 :

നീ എന്റെ നാഥനെ സ്തുതിക്കുന്നതിനോടൊപ്പം അവനെ പ്രകീർത്തിക്കു കയും അവനോട് പാപമോചനത്തിനായി അർത്ഥിക്കുകയും ചെയ്യുക . അവൻ (തന്റെ ദാസന്മാരുടെ പാപമോചന അർത്ഥന സ്വീകരിക്കുവാൻ സദാ തയ്യാറുള്ളവനാകു ന്നു.

ദൈവത്തിന്റെ മുന്നിൽ ഓരോ മനുഷ്യനും വളരെ വിനയാന്വിതനായിരിക്ക ണം. അവന്റെ എല്ലാ ദൗർബല്യങ്ങളും സ്വയം ഏററു പറയണം. അല്ലാഹുവിന്റെ കാരുണ്യം തേടിക്കൊണ്ടിരിക്കണം. താൻ ചെയ്യുന്ന പ്രവർത്തിയുടെ ഫലം അല്ലാ ഹുവിനോടു മാത്രം ചോദിക്കുക. തന്റെ പരിശ്രമഫലമായി ലഭിക്കാവതല്ല. നിശ്ച യമായും അല്ലാഹു (ത) അവന്റെ നന്മയും അനുകമ്പയും ആ വ്യക്തിയിലൂടെ പ്രകടമാക്കിയിരിക്കുന്നു. അല്ലാഹുവിന്റെ പ്രവാചകൻ എന്ന നിലയിൽ, അദ്ദേഹ

ത്തിൽ നിക്ഷിപ്തമായിരിക്കുന്നതും പൂർത്തിയാക്കേണ്ടതുമായ മറ്റൊരു മഹത്തായ ഉത്തരവാദിത്വമാണ്, തന്റെ ജനതയുടെ മാപ്പിനും ഐശ്വര്യത്തിനും വേണ്ടി പ്രാർത്ഥിക്കുക എന്നത്. വിജയ സന്ദർഭത്തിൽ അനുയായികളിൽ ആരെങ്കിലും തെറ്റു ചെയ്തിട്ടുണ്ടെങ്കിൽ അതിനു വേണ്ടിയും മാപ്പു ചോദിക്കുക. അല്ലാഹു (ത) അവന്റെ അതിമഹത്തായ അനുഗ്രഹത്താൽ, അവന്റെ അനുഗ്രഹങ്ങൾ നമുക്കായി നല്കുന്നു. നമ്മുടെ എല്ലാ തെറ്റുകൾക്കും മാപ്പു നല്കുന്നു. യാതൊരു ഭീഷണിപ്പെടുത്തലുമില്ലാതെ, നമുക്കെല്ലാവർക്കും സംരക്ഷണം നല്കുന്നു. അവനിത് ചെയ്യുന്നത് അവന്റെ സൃഷ്ടികൾക്കു വേണ്ടി മാറ്റി വച്ചിരിക്കുന്ന കാരുണ്യം കൊണ്ടാണ്. അവന്റെ സഹായമില്ലാതെ, നമുക്കൊരിക്കലും വിജയിക്കുവാൻ സാധിക്കുകയില്ല. അല്ലാഹുവിന്റെ ദാസന്മാരെന്ന നിലയിൽ നാം എപ്പോഴും അല്ലാഹുവിനോട് അവന്റെ മാപ്പിനായി അർത്ഥിച്ചുകൊണ്ടിരിക്കേണ്ടതാണ്. ചെയ്തു പോയ തെറ്റുകൾ ഇനി ഒരിക്കലും ആവർത്തിക്കില്ല എന്ന ദൃഢനിശ്ചയത്തോടെയാണ് പശ്ചാത്താപം നടത്തേണ്ടത്. ഇൻശാ അല്ലാഹ്.

സൂക്ഷ്മത കൈകൊള്ളുകയും നന്മ ചെയ്യുകയും ചെയ്യുന്നവരാരോ തീർച്ചയായും അല്ലാഹു അവരുടെ കൂടെയാകുന്നു (16 : 29)

അവൻ ചെയ്തുകൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾക്ക് എന്നെന്നും അല്ലാഹുവിനോട് നന്ദിയുള്ളവരായിരിക്കുവാൻ അവൻ നമ്മെ സഹായിക്കട്ടെ ! ഇൻശാ അല്ലാഹ് ! അവന്റെ മാർഗത്തിൽ നാം നേടുന്ന എല്ലാ വിജയങ്ങളും, വിനയപൂർവ്വം സ്വീകരിക്കുക. അതിൽ ഒരു നാട്യവുമുണ്ടാകരുത്

ഇൻശാ അല്ലാഹ് ആമീൻ

**Translated by:**
**Mukarram R. Jamaludin Raother**
**Amir Jamaat Ul Sahih Al Islam**
**South Zone, Kerala,**
**Ph: 9447001832, 0475-2220223**
**E-mail: jamal.raother@gmail.com**
**Web: www.jamaat-ul-sahih-al-islam.com**